പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 190 — 26.09.2016 ൽ മറുപടിക്ക്

## കേശവപുരം സി.എച്ച്.സി.

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേശവപുരം സി.എച്ച്.സി.യിൽ എക്സ്റേ യൂണിറ്റ് വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേശവപുരം സി.എച്ച്.സി.യിലെ എക്സ്റേ മെഷീൻ 12.08.2015 മുതൽ പ്രവർത്തന രഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പിന്നാക്ക മേഖലയിലുള്ള പ്രസ്തുത സി.എച്ച്.സി.യിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) & (സി) | ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിലേക്ക് അനുവദിച്ച എക്സ്റേ യൂണിറ്റ് അവിടെ സ്ഥലസൗകര്യമില്ലാത്തതിനാൽ കേശവപുരം സി.എച്ച്.സി.യിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. 1994 മുതൽ എക്സ്റേ യൂണിറ്റ് പ്രസ്തുത ആശുപത്രിയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ കാലപ്പഴക്കവും, ഉപയോഗവും മൂലം ഇപ്പോൾ പ്രവർത്തനരഹിതമാണ്. അതിനാൽ പുതിയ യൂണിറ്റ് സ്ഥാപിക്കുന്നതിനായി റേഡിയേഷൻ നിയന്ത്രണചട്ട പ്രകാരമുള്ള കെട്ടിടം ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയുടെ മാനദണ്ഡപ്രകാരം നിർമ്മിക്കുന്നതിന് വേണ്ടി 2016-17 സാമ്പത്തിക വർഷത്തിലെ പ്ലാൻ ബഡ്ജറ്റിൽ ആരോഗ്യ വകുപ്പിലെ ബൃഹത്തായ നിർമ്മാണ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ എക്സ്-റേ മെഷീൻ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ അംഗീകാരത്തോടെയുള്ള എക്സ്റേ കെട്ടിടം നവീകരണം പൂർത്തിയായതിനു ശേഷം സ്ഥാപിക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.<br>26.05.2014 ലെ സർക്കാർ ഉത്തരവ് (സാ.ധാ.) നം.1669/2014/ആ.കു.വ പ്രകാരം സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുവാനുള്ള പദ്ധതിയിൽ ഉൾപ്പെട്ട 154 ആശുപത്രികളിൽ കേശവപുരവും ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എക്സ്റേ യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ